"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഭൂവിനിയോഗ വകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ, എൽ എ (എൻ എച്ച്) നം. 2 കാര്യാലയത്തിൽ സർവ്വേയർ ഗ്രേഡ് II ആയി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീമതി ദേവിക റ്റി ജി -യെ ഭൂവിനിയോഗ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് ( G I S ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.260/2026/P&EA തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:- 1 10/05/2013-ലെ 42/13/ധന നമ്പർ സർക്കുലർ

2.ഭൂവിനിയോഗ കമ്മീഷണറുടെ 19.02.2026, 12.03.2026 തീയതികളിലെ എൽ.യു.ബി/24/2026-E നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഭൂവിനിയോഗ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് (GIS)ന് ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയിൽ (31100-66800) ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ ഗ്രേഡ് II തസ്തികയിൽ (31100- 66800)/- നിലവിൽ ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ, എൽ എ (എൻ എച്ച്) നം. 2 കാര്യാലയത്തിൽ ജോലി ചെയ്യുന്ന, ശ്രീമതി ദേവിക.റ്റി.ജി-യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അപേക്ഷ വകുപ്പുമേധാവിയുടെ ശിപാർശയോടെ ലഭിച്ചിട്ടുണ്ടെന്നും ആകയാൽ ഭൂവിനിയോഗ വകുപ്പിലെ ഒഴിവുള്ള ടെക്നിക്കൽ അസിസ്റ്റന്റ് (GIS) തസ്തികയിൽ ശ്രീമതി ദേവിക ടി.ജി-യെ അന്യത്രസേവനവ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിക്കണമെന്നും പരാമർശം(2) പ്രകാരം ഭൂവിനിയോഗ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വേയും ഭൂരേഖയും വകുപ്പിൽ ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ, എൽ എ (എൻ എച്ച്) നം. 2 കാര്യാലയത്തിലെ സർവ്വേയർ ഗ്രേഡ് II ആയ ശ്രീമതി ദേവിക ടി.ജി.-യെ,

ഭൂവിനിയോഗ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് (GIS) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ, നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശം-1 സർക്കുലറിലെ വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്കോ അതോ ടി തസ്തികയിൽ പി.എസ്.സി. വഴി പുതിയ നിയമനം നടക്കുന്നതുവരേയോ ഏതാണോ ആദ്യം അതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, ഭൂവിനിയോഗ വകുപ്പ് തിരുവനന്തപുരം.
2. ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്
3. ശ്രീമതി ദേവിക റ്റി ജി, സർവ്വേയർ ഗ്രേഡ് II, ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ, എൽ എ (എൻ എച്ച്) നം. 2 കാര്യാലയം (സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sajith T
Date: 20-06-2026 14:32:43
സെക്ഷൻ ഓഫീസർ